**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4082** **18-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങിയ ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ. -യിലെ ജീവനക്കാർക്ക് വിൽക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തത് എന്ന് വ്യക്തമാക്കുമോ; | (എ) | വിദ്യാകിരണം പദ്ധതിക്കായി കെ.എസ്.എഫ്.ഇ. ലാപ്ടോപ്പുകൾ വാങ്ങിയിട്ടില്ല. എന്നാൽ കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പുകളിൽ പദ്ധതി ആവശ്യത്തിന് നൽകിയ ശേഷം ബാക്കിയായവയിൽ നിന്ന് വിദ്യാകിരണം പദ്ധതിക്ക് വേണ്ടി ലാപ്ടോപ്പുകൾ നൽകുകയുണ്ടായിട്ടുണ്ട്. അതിനു ശേഷം ബാക്കി വന്ന ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ. യുടെ ഓഫീസ് ആവശ്യത്തിനും ബാക്കി വരുന്നവ ജീവനക്കാർക്ക് വില ഈടാക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ആകെ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിദ്യാശ്രീ പദ്ധതിക്കു വേണ്ടി വാങ്ങിയ ലാപ്ടോപ്പുകളിൽ ഗുണഭോക്താക്കളുടെ ആവശ്യം കഴിഞ്ഞ് ബാക്കി വന്ന ലാപ്ടോപ്പുകളിൽ 45313 എണ്ണം വിദ്യാകിരണം പദ്ധതിക്കു വേണ്ടി നൽകിയിട്ടുണ്ട്. അവയുടെ വിലയായി കെ.എസ്.എഫ്.ഇ. 73.11 കോടി രൂപ വിതരണക്കാർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം വാങ്ങിയ എത്ര ലാപ്ടോപ്പുകൾ ആണ് കെ.എസ്.എഫ്.ഇ.യുടെ പക്കൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നത്; പ്രസ്തുത പദ്ധതി പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാജയപ്പെടാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | 4097 ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. പദ്ധതി പരാജയപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ